# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 476

## (28.02.2017 ലെ മറുപടിക്ക്)

## നിലമ്പൂർ സബ്-ട്രഷറിക്ക് വേണ്ട കെട്ടിടങ്ങളും സൗകര്യങ്ങളും

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.പി.വി. അൻവർ** | **ഡോ. തോമസ് ഐസക്**<br>**(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| (എ) | മൈനർ ഇറിഗേഷൻ വകുപ്പ് വിട്ടുനൽകിയ സ്ഥലത്ത് നിലമ്പൂർ സബ്-ട്രഷറിക്ക് വേണ്ട കെട്ടിടങ്ങളും സൗകര്യങ്ങളും നിർമ്മിക്കുന്നതിനുള്ള നടപടിയെ സംബന്ധിച്ച് വിശദമാക്കാമോ; | മൈനർ ഇറിഗേഷൻ വകുപ്പിന്റെ സ്ഥലം ട്രഷറി വകുപ്പിന് കൈമാറിക്കിട്ടിയിട്ടില്ല. ആയതിനു വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണ് ഉള്ളതെന്നും നിർമ്മാണത്തിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്നും വിശദമാക്കാമോ; | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ നിലമ്പൂർ താലൂക്ക് ഓഫീസിലാണുള്ളത്.സ്ഥലം ട്രഷറി വകുപ്പിന് കൈമാറി ലഭിക്കാത്തതിനാലാണ് കെട്ടിട നിർമ്മാണം വൈകുന്നത്. |
| (സി) | ട്രഷറി ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ കൈവശം എത്ര രൂപ നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കാമോ; | '2054-00-095-96 അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.ടി.എമ്മും സെൻട്രൽ സർവർ സമ്പ്രദായം നടപ്പാക്കലും' എന്ന ശീർഷകത്തിൽ 7.35 കോടി രൂപ നീക്കിയിരിപ്പ് ഉണ്ട് |
| (ഡി) | നിലമ്പൂരിൽ സബ് ട്രഷറി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ? | നിലമ്പൂർ ട്രഷറി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ